**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **15-03-2022 - ൽ മറുപടിയ്ക്ക്**

**ബിരുദതല അധ്യയന മാധ്യമം മലയാളമാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷം മുതൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ അധ്യയന മാധ്യമം മലയാളം ഉൾപ്പെടെയുള്ള എട്ട് പ്രദേശിക ഭാഷകളിൽ ആയിരിയ്ക്കണമെന്ന് എ.ഐ.സി.റ്റി നിർദ്ദേശിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ടോ; തുടർനടപടി വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ നയം 2020 പിന്തുടർന്ന് എ.ഐ.സി.ടി.ഇ ഹിന്ദി, ബംഗാളി, തമിഴ്, തെലുങ്ക്, മറാത്തി, ഗുജറാത്തി, കന്നഡ, മലയാളം എന്നീ എട്ടു പ്രാദേശിക ഭാഷകളിൽ പഠിക്കാനാഗ്രഹിക്കുന്നവരെ ഒരു പ്രത്യേക ബാച്ചായി പഠിപ്പിക്കുന്ന രീതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ എ.ഐ.സി.ടി.ഇ നിർദ്ദേശം പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആർട്സ് & സയൻസ് വിഷയങ്ങളുടെ ബിരുദതല അധ്യയന മാധ്യമം മലയാളമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ആർട്സ് & സയൻസ് വിഷയങ്ങളുടെ ബിരുദതല അധ്യയനം മലയാളത്തിലും അനുവദിച്ചിട്ടുള്ളതാണ്. ബിരുദ ബിരുദാനന്തര തലത്തിൽ പരീക്ഷകൾ മലയാളത്തിൽ എഴുതുവാനുള്ള അനുമതി ഇപ്പോൾത്തന്നെ വിവിധ സർവ്വകലാശാലകൾ നല്കിയിട്ടുണ്ട്. |
| (സി) | കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനുള്ള സർക്കാർ നയം നടപ്പാക്കുന്നതിനായി മലയാളത്തെ വൈജ്ഞാനിക ഭാഷയാക്കി മാറ്റുന്ന പ്രക്രിയയിൽ സർവ്വകലാശാലകളെ എങ്ങനെ പ്രയോജനപ്പെടുത്താം;വിശദമാക്കാമോ? | (സി) | മലയാളത്തെ ജ്ഞാനഭാഷയായി ശാക്തീകരിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ വിജ്ഞാന ശാഖകളിലെയും അടിസ്ഥാന ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്ന നടപടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിൽ വ്യാപൃതമാണ്. മലയാള സർവ്വകലാശാലയും അതിൽ ശ്രദ്ധ പതിപ്പിക്കുന്നു. ഈ സംരംഭത്തിൽ സർവ്വകലാശാലകളുടെ പങ്കാളിത്തം ഉറപ്പു വരുത്തും. |

സെക്ഷൻ ഓഫീസർ